ശ്രീ. കെ. ഐ. വേലായുധൻ : ഇപ്പോഴത്തെ അണയെപ്പറ്റി വിശദമായ അന്വേഷണങ്ങളും നടത്തിക്കൊണ്ടിരിക്കയാണു്.

കുടിയൊഴിപ്പിക്കൽ കേസുകൾ.

* 138. [21] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂനയ ബില്ലുകൾ നിയമസഭയിൽ അവതരിപ്പിച്ചതോടുകൂടി കുടിയൊഴിപ്പിക്കൽ നിരോധന നിയമമനുസരിച്ചു് ഇതുവരെ എത്ര കേസുകൾ ചാർജ്ജു് ചെയ്തിട്ടുണ്ടു് ;

(ബി) എത്ര കേസുകൾ ശിക്ഷിച്ചിട്ടുണ്ടു് ;

(സി) എത്ര കേസുകൾക്കു് ഒത്തുതീർപ്പും, എത്രയെണ്ണത്തിനു് എക്സ് പാർട്ടി വിധിയും ഉണ്ടായിട്ടുണ്ടു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ) :(എ) ഒരു കേസും രജിസ്റ്റർ ചെയ്തതായി അറിവില്ല.

(ബി, സി.) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

പുതിയ ബസ്സ്റൂട്ടുകൾ

* 139. [22] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955 മാർച്ചു മുതൽ എത്ര പുതിയ ബസ്സ്റൂട്ടുകൾ അനുവദിച്ചിട്ടുണ്ടു് ;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും ഏതെല്ലാം ലൈനാണെന്നു പറയാമോ ;

(സി) ട്രാൻസ്പോർട്ടു ബസ്സുകൾ ഓടാനുള്ള സൗകര്യമുണ്ടെങ്കിൽ എന്തുകൊണ്ടാണു് പ്രൈവറ്റു ബസ്സുകൾക്കുതന്നെ അനുവാദം നൽകുന്നതു് എന്നു് പറയാമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : (എ) 21.

(ബി) ലിസ്റ്റു † മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

(സി) ട്രാൻസ്പോർട്ടു ബസ്സുകൾ എല്ലാ റൂട്ടുകളിലും ഓടിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

ശ്രീ. പി. കുഞ്ഞൻ : റൂട്ടുകൾ അനുവദിക്കുന്ന കാര്യത്തിൽ ഡയറക്റ്ററുടെ നിർദ്ദേശം ഗവണ്മെന്റു് ആരായാറുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : പ്രൈവറ്റു റൂട്ടുകൾ നൽകുന്നതിനു് കുറേ കമ്മിറ്റികളുണ്ടു്. ആ കമ്മിറ്റിയാണു് തീർച്ചയാക്കുന്നതു്.

ശ്രീ. പ്രാക്കുളം ഭാസി : പ്രൈവറ്റു റൂട്ടുകൾ അനുവദിക്കുമ്പോൾ ഓവർലാപ്പിംഗ് വരുന്നുണ്ടോ എന്നു് ഡയറക്റ്ററോടു് ആലോചിക്കുന്നുണ്ടോ ?

† Please see Appendix V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : നാലുനാഴികവരെ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : അതിൽ കൂടുതൽ ഉണ്ടെങ്കിൽ നിറുത്തുമോ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പറ്റി ആലോചിക്കാം.

റിസർവ് ക്യാമ്പുസ്ഥലം

* 140. [23] ശ്രീ. പി. എം. മാക്കോസ് : താഴെ കാണുന്ന ചോദ്യം ബഹു. ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയത്ത് കീഴുകുന്നിൽ റിസർവ് ക്യാമ്പിനുവേണ്ടി ഗവണ്മെൻറ് ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് എന്തെല്ലാം അനുഭവവൃക്ഷങ്ങൾ ഉണ്ടെന്നും, അവയിൽനിന്നും 1954–55-ൽ എന്തു വരുമാനം ഉണ്ടായിട്ടുണ്ടെന്നും പറയാമോ ;

(ബി) പ്രസ്തുത സ്ഥലത്തിൻറെ ആകെ വിസ്തീർണ്ണമെന്ത് ;

(സി) ടി സ്ഥലത്തുനിന്നും കുടി ഒഴിപ്പിക്കപ്പെട്ട കുടുംബങ്ങൾ എത്രയെന്നും എന്തു പ്രതിഫലം കൊടുത്താണ് അവരെ അവിടെനിന്നും മാറ്റിയതെന്നും പറയാമോ ;

(ഡി) കുടി ഒഴിപ്പിക്കപ്പെട്ടവരിൽനിന്നും എന്തെങ്കിലും നിവേദനം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിവേദനത്തിൽ എന്താണ് ആവശ്യപ്പെട്ടിട്ടുള്ളത് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) തെങ്ങ് 15, പ്ലാവ് 4, മുളകൊടി 8, മാവ് 4. വരവ് 94 രൂപ 15 അണ.

(ബി) മൂന്നേക്കർ 78 സെൻറ്.

(സി) 25 കുടുംബക്കാർ. കുടിപാർപ്പിനു വേറെ സ്ഥലമില്ലാതിരുന്ന 24 കുടുംബങ്ങൾക്കു് ഒരേക്കർ 11.923 സെൻറ സ്ഥലം കുടികിടപ്പിനു് 12 കൊല്ലത്തേക്കു് കുത്തകപ്പാട്ടമായി അനുവദിച്ചുകൊടുത്തു.

(ഡി) ഉണ്ടു്. അവരെ പ്രതികളാക്കി ഫയൽ ചെയ്തിട്ടുള്ള എ. സി. കേസുകളിലെ പിഴയും, നിരോധനക്കരവും, കുടിശ്ശികയും ഇളവുചെയ്തുകൊടുക്കണമെന്നാണ് അവർ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതു്.

ശ്രീ. പി. എം. മാക്കോസ് : നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള സംഗതികളെപ്പറ്റി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതാലോചിച്ചുകൊണ്ടിരിക്കയാണ്.

ടാറിട്ട റോഡുകൾ

* 141. [24] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാറിട്ടതിനു് റോഡുകൾ തിരഞ്ഞെടുക്കുന്നതു് എന്തു മാനദണ്ഡം വച്ചുകൊണ്ടാണ് ;

LIBRARY ARCHIVES Kerala Legislative Assembly

APPENDIX V

[*Please see answer to question No.* 139 (22)*]

LIST.

	Name of route.	*Number of buses.*
	TRIVANDRUM REGION.	
1	Extension of Neyyattinkara—Ottasekharamangalam route up to Chempoor.	3
2	Nagercoil—Thirunelveli up to (State border).	2
3	Attingal—Edava, *via* Alencode. Mananak, Palachira and Warkala.	1
4	Extension of Chirayinkil—Paravoor route up to Nedumangad *via* Chullimanoor.	1
5	Extension of Nagercoil—Mondaikad route up to Colachel.	3
6	Nagercoil—Kumarapuram *via* Aramboly.	1
7	Thuckalai—Kulasekharam *via* Azhakiamandapam.	1
8	Extension of Neyyattinkara—Vidhura route up to Bonacaud Estate.	1
9	Extension of Panachamood—Kallikad route up to Neyyar Dam site.	
10	Extension of Nedumangad—Venjarammoodu route up to Attingal.	1
11	Extension of Cantonment—Pothencode route up to Velavoor.	1
12	Cape Comorin—Anjugrammam en-route Panagudy and Palayancottah.	1
	QUILON REGION.	
	Nil.	
	KOTTAYAM REGION.	
1	Muvattupuzha—Thodupuzha.	
2	Kallara—Moottuchira.	
3	Karunthiruvi—Ayyappancoil.	
4	Naduvakkad—Muvattupuzha.	
	TRICHUR REGION.	
1	Alwaye—Pallikkara.	
2	Ernakulam North—Port Administrative office.	
3	Ollur—Thirur.	
4	Aylore—Pollachi.	
5	Fort Cochin—Willingdon Island.	

———

LIBRARY ARCHIVES Kerala Legislative Assembly